LIBRARY ARCHIVES Kerala Legislative Assembly

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സ്റ്റാമ്പ് വിൽപ്പന

385 (1829) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരള സാമൂഹ്യ സുരക്ഷ മിഷൻ ഫണ്ട് സ്വരൂപിക്കുന്നതിനായി അച്ചടിച്ച വിതരണം ചെയ്ത സ്റ്റാമ്പുകളുടെ വിൽപ്പന പൂർത്തീകരിക്കുന്നതിനായി എത്ര തവണയാണ് സമയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് എന്ന വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത് എന്ന വിശദമാക്കുമോ ;

(സി) പ്രസ്തുത സ്റ്റാമ്പ് വിൽപനയുമായി ബന്ധപ്പെട്ട ക്രമക്കേടിനെ സംബന്ധിച്ചും പണാപഹരണത്തെക്കുറിച്ചും, എക്സിക്യൂട്ടീവ് ഡയറക്ടറുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടേയും ഇക്കാര്യത്തിലുള്ള കൃത്യവിലോപത്തെ സംബന്ധിച്ചും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൂന്ന് തവണ സമയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്റ്റാമ്പ് വിൽപന നടത്തുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയ 31-12-2012-വരെ മാത്രമേ സ്റ്റാമ്പ് വിൽപ്പന നടത്തിയിട്ടുള്ളൂ. പ്രസ്തുത തീയതിക്കുശേഷം വിൽപ്പനയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും സ്റ്റാമ്പുകളൊന്നും തന്നെ നൽകിയിട്ടില്ല.

(സി) സ്റ്റാമ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ക്രമക്കേടുകളോ പണാപഹരണമോ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നടന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

ശിശു സംരക്ഷണ പരിപാടി

386 (1830) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി 2009 മുതൽ നടപ്പിലാക്കി വരുന്നു. 2014 മേയ് മാസം മുതൽ സംസ്ഥാനതല ശിശുസംരക്ഷണ യൂണിറ്റും ഒക്ടോബർ മാസം മുതൽ എല്ലാ ജില്ലകളിലും ജില്ലാതല ശിശുസംരക്ഷണ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു

(ബി) വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ വരത്തക്കവണ്ണം സംയോജിപ്പിച്ചാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ബാലനീതി സേവനങ്ങൾ ഉറപ്പാക്കുക, കുടുംബതലത്തിലും സമൂഹതലത്തിലുമുള്ള ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക, 2000-ലെ ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം എന്നിവ ഉറപ്പാക്കുക, കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും ശിശു സംരക്ഷണത്തെപ്പറ്റിയുമുള്ള സാമൂഹ്യ അവബോധം വർദ്ധിപ്പിക്കുക എന്നിവയാണ്.

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹികതലത്തിൽ പ്രചാരണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ലൈംഗികാതിക്രമങ്ങൾ പ്രതിരോധിക്കുവാനുള്ള ആന്തരിക ശേഷി കുട്ടികളിൽ വളർത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാതല ബോധവൽക്കരണ പരിപാടികൾ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

(ഡി) പ്രചാരണ പ്രവർത്തനങ്ങൾ, അദ്ധ്യാപകരുടെ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ്, പരിശീലകരുടെ കൈപുസ്തകം, ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനുള്ള പരിപാടികൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കുമളിയിൽ മാതാപിതാക്കളുടെ ക്രൂര പീഡനത്തിനിരയായ കുട്ടിയുടെ എല്ലാ ചികിത്സാ ചെലവുകളും ഈ പദ്ധതി പ്രകാരം സർക്കാർ വഹിച്ചുവരുന്നു. Committee on child Rights Violations of Vulnerable Children റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി

ഓഫീസർമാർക്കും 20,000 രൂപ കരുതൽ ധനയായി അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയ്ക്കടുത്ത് രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തെ തുടർന്ന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് അടിയന്തര ചികിത്സാ ചെലവുകൾ ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തന്നെ പിതാവ് തിളച്ച എണ്ണ ഒഴിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച കുട്ടിക്ക് അടിയന്തര ചികിത്സാ സഹായമായി 99,703 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സാമൂഹ്യ മിഷന്റെ വിവിധ പദ്ധതികൾ

387 (1831) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു ; ആയതുപ്രകാരം നാളിതുവരെ എന്ത് തുക ചെലവഴിച്ചു ;

(ബി) ഈ നടപ്പുവർഷം ആശ്വാസകിരണം പദ്ധതിക്ക് എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(സി) കാൻസർ സുരക്ഷ പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഡി) താലോലം പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് ഈ നടപ്പുവർഷം എത്രതുക ചെലവഴിച്ചു ; എത്രപർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു

(എഫ്) സ്നേഹപൂർവ്വം പദ്ധതിക്ക് ഈ നടപ്പുവർഷം എത്രതുക ചെലവഴിച്ചു, എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ജി) വയോമിത്രം പദ്ധതിക്ക് ഈ നടപ്പുവർഷം എത്രതുക ചെലവഴിച്ചു, എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു, സ്നേഹസ്പർശം പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു, എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ?

<u>ഉത്തരം</u>

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും 31-10-2014 വരെ ചെലവഴിച്ച തുകയുടെയും പദ്ധതി തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly